JOSE PORUNNEDOM
BISHOP OF MANANTHAVADY

Circular No. 15 /2020
Prot. No. 23012 /2020

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സമർപ്പിതരെ, സഹോദരങ്ങളെ, വാൽസല്യമുള്ള കുട്ടികളെ,

ഏതാണ്ട് ഒരു മാസത്തോളമായി നമ്മൾ കൊറോണാ വൈറസ് വ്യാപനത്തെ തടയാനുള്ള ശ്രമങ്ങളുടെ ഭാഗമായി വീടുകൾക്കുള്ളിൽ കഴിയുകയാണല്ലോ. ഇതിനിടയിലും ഒരു സന്തോഷവാർത്തയുണ്ട്. നമ്മുടെ രൂപതയിലെ നടവയൽ ഹോളി ക്രോസ് ഇടവക ദൈവാലയം മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടനാലയമായി ഈ 25 ന് ശനിയാഴ്ച പ്രഖ്യാപിക്കപ്പെടുകയാണ്. സീറോ മലബാർ സിനഡിന്റെയും അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പിന്റെയും പ്രത്യേക പരിഗണനക്ക് പാത്രീഭൂതരായ നടവയൽ ഇടവകക്കാരെ പ്രത്യേകം അഭിനന്ദിക്കുകയും ആശംസകൾ നേരുകയും ചെയ്യുന്നു. ഈ സ്ഥാനത്തേയ്ക്ക് പരിഗണിക്കപ്പെടാൻ സിനഡ് തയ്യാറാക്കിയിട്ടുള്ള വ്യവസ്ഥകൾ എല്ലാം പാലിച്ചുകൊള്ളാം എന്ന നടവയൽ ഇടവക വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇവിടെ പ്രാർത്ഥിക്കാൻ എത്തുന്ന എല്ലാവർക്കും അനുഗ്രഹം പൊഴിയുന്ന ഒരു തീർത്ഥാടാനാലയമായി നടവയൽ മാറട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

തീർത്ഥാടനാലയമായി പ്രഖ്യാപിക്കുന്ന ചടങ്ങുകൾ നടക്കേണ്ടിയിരുന്നത് നടവയലിൽ വച്ചായിരുന്നു. അതിനുള്ള ഒരുക്കങ്ങൾ എല്ലാം പൂർത്തിയായതുമാണ്. പക്ഷേ ദൈവത്തിന്റെ പദ്ധതിയിൽ മറ്റൊന്നായിരുന്നു ഉണ്ടായിരുന്നത്. കൊറോണാ വൈറസ് വ്യാപനത്തെ തടയുന്നതിന്റെ ഭാഗമായി ആർക്കും പുറത്തിറങ്ങാനോ പൊതു പരിപാടികൾ സംഘടിപ്പിക്കാനോ പറ്റാതെ വന്നതിനാൽ എല്ലാം ഓൺ ലൈനായി ചെയ്താൽ മതി എന്ന് തീരുമാനിക്കുകയായിരുന്നു. പിന്നീട് ഒരവസരത്തിലേക്ക് മാറ്റി വയ്ക്കാൻ സാങ്കേതിക തടസ്സങ്ങളും വന്നുകൂടി. അങ്ങനെ ചെയ്യുന്നതിന് തയ്യാറാണ് എന്ന് അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് അറിയിക്കുക കൂടി ചെയ്തതോടെ എല്ലാം സുഗമമായി. പറ്റുന്ന ഏറ്റവും അടുത്ത സന്ദർഭത്തിൽ തന്നെ അദ്ദേഹം നടവയൽ സന്ദർശിക്കുന്നതാണ് എന്ന് വാഗ്ദാനം ചെയ്തിട്ടുമുണ്ട്. അതിനെല്ലാം അദ്ദേഹത്തിന് നന്ദി പറയാം.

ഈ ഏപ്രിൽ 25 ന് ശനിയാഴ്ച രാവിലെ പത്തു (10) മണിക്ക് കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള് മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയ ചാപ്പലിൽ വച്ച് നടവയൽ ഫൊറോനായുടെ ആസ്ഥാന ദൈവാലയവും നടവയൽ ഇടവകപ്പള്ളിയുമായ ഹോളി ക്രോസ് പള്ളി മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടനാലയമായി പ്രഖ്യാപിക്കപ്പെടും. തദവസരത്തിൽ അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് കുർബാനയർപ്പിച്ച് സന്ദേശം നല്കുന്നതായിരിക്കും.

എന്താണ് മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സ്ഥാനം കൊണ്ട് അർത്ഥമാക്കുന്നത് എന്ന് നിങ്ങൾക്ക് സംശയമുണ്ടാകും. റോമാ മാർപ്പാപ്പയ്ക്ക് താഴെയായി നമ്മുടെ സഭയ്ക്കുള്ള പൊതു തലവനാണ് മേജർ ആർച്ച് ബിഷപ്പ് എന്ന വസ്തുത നിങ്ങൾക്കറിയാമല്ലൊ. രൂപതകൾ തമ്മിലും രൂപതകളും മേജർ ആർച്ചു ബിഷപ്പും തമ്മിലുള്ള കൂട്ടായ്മയെ പ്രദ്യോതിപ്പിക്കാനുള്ള ഒരു മാർഗ്ഗം എന്ന നിലയിലാണ് ഓരോ രൂപതയിലും ഒരു ഇടവകപ്പള്ളിക്ക് എങ്കിലും ഈ സ്ഥാനം കൊടുക്കുക എന്ന തീരുമാനത്തിൽ മെത്രാന്മാരുടെ സിനഡ് എത്തിച്ചേർന്നത്. ഈ സ്ഥാനം കിട്ടിയാലും നടവയൽ ഫൊറോനായുടെയോ നടവയൽ ഇടവകയുടെയോ നയ്യാമിക പ്രകൃതിക്ക് മാറ്റമൊന്നും വരുന്നില്ല. അവക്ക് പുറമെ ഒരു സ്ഥാനം കൂടി കിട്ടുന്നു എന്നത് മാത്രമേയുള്ളു. അതുപോലെ തന്നെ ഫൊറോനാ, ഇടവക, തീർത്ഥാടനാലയം എന്നിവയുടെ വൈദികൻ ആർച്ച് പ്രീസ്റ്റ് എന്നറിയപ്പെടും. രൂപതയുടെ പ്രോട്ടോ സിഞ്ചെല്ലൂസ്, മറ്റ് സിഞ്ചെല്ലുസ്മാർ എന്നിവർ കഴിഞ്ഞാൽ മുൻ ഗണനാ ക്രമത്തിൽ അദ്ദേഹമായിരിക്കും വരുന്നത്. നടവയൽ ഇടവകവികാരി അല്ലാതാകുന്നതോടെ ആർച്ച് പ്രീസ്റ്റ് എന്ന സ്ഥാനവും അദ്ദേഹത്തിന് ഇല്ലാതാകും.

പുതിയ സ്ഥാന ലബ്ധിയോടെ നടവയൽ ഇടവകക്ക് പുതിയ ഉത്തരവാദിത്വങ്ങളും വന്നു ചേരുന്നുണ്ട്. മേജർ ആർച്ച്ബിഷപ്പിനെ പ്രതിനിധാനം ചെയ്യുന്ന കേന്ദ്രം എന്ന നിലയിൽ ആ രീതിയിലുള്ള ഒരു സ്വീകരണം അവിടെ വരുന്ന തീർത്ഥാടകർക്ക് ഒരുക്കേണ്ടതുണ്ട്. അതുപോലെ തന്നെ ഇടവകയുടെ വാർഷിക വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിലേക്ക് കൊടുക്കുകയും ചെയ്യണം.

ഇത്തരുണത്തിൽ വ്യവസ്ഥകളെല്ലാം പാലിച്ചു കൊണ്ട് ഈ സ്ഥാനം സ്വീകരിക്കാൻ സന്മനസ്സു കാണിച്ച നടവയൽ ഇടവകപ്പൊതുയോഗത്തെ നന്ദിയോടെ ഓർക്കുകയും ഹൃദയ പൂർവം അഭിനന്ദിക്കുകയും ചെയ്യുന്നു. അതുപോലെ തന്നെ ആർച്ച് പ്രീസ്റ്റ് എന്ന നാമധേയത്തിൽ അറിയപ്പെടാൻ പോകുന്ന ആദ്യ വ്യക്തിയായ ഇപ്പോഴത്തെ വികാരി ബഹുമാനപ്പെട്ട ജോസഫ് മുതിരക്കാലായിൽ അച്ചന് ആശംസകളും അഭിനന്ദനങ്ങളും നേരുകയും ചെയ്യുന്നു.

പ്രമുഖ മലയാളം ക്രൈസ്തവ ചാനലുകളിൽ ഒന്നായ ഷെക്കൈയ്ന ചാനൽ ചടങ്ങുകൾ സംപ്രേഷണം ചെയ്യുന്നതാണ്. അതുപോലെ തന്നെ മേജർ ആർക്കീപ്പിസ്കോപ്പൽ കൂരിയ, ഷെക്കൈയ്ന ചാനൽ, മാനതവാടി രൂപത എന്നിവരുടെ യൂ ട്യൂബ് ചാനലുകൾ, ഫെയ്സ് ബുക്ക് പേയ്ജ് എന്നിവയിലൂടെയും കാണാവുന്നതാണ്. അതാത് പ്രദേശങ്ങളിലെ കേബിൾ നെറ്റ്വർക്കുകാരുമായി ബന്ധപ്പെട്ട് ചാനൽ കിട്ടുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയാലെ കാണാൻ പറ്റുകയുള്ളു എന്ന് പറയേണ്ടതില്ലല്ലോ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2020 ഏപ്രിൽ മാസം 23 ന് നല്കപ്പെട്ടത്.

യേശുവിൽ,

J. Porunnedom

ബിഷപ്പ് ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ